പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4532 — 29.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ബി.പി.എൽ. ലിസ്റ്റ് പുതുക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | ബി.പി.എൽ. കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | എ) | 2009 ബി.പി.എൽ സർവ്വേ പ്രകാരം സർവ്വേ ചെയ്ത കുടുംബങ്ങളിൽ നിന്നും (ബി ഫാറം സർവ്വേ ചെയ്ത കുടുംബങ്ങൾ) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളും, സൂചകങ്ങളും അവയ്ക്കുള്ള വെയിറ്റേജും, 14.01.2011 ലെ സ.ഉ (കൈ) നം. 16/2011/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഇപ്പോൾ നിലവിലുള്ള ബി.പി. എൽ. ലിസ്റ്റ് എന്ന് നിലവിൽ വന്നതാണ് ; | ബി) | 2011 ഫെബ്രുവരിയിൽ |
| സി) | ഈ ലിസ്റ്റിനെതിരെ ഉണ്ടായ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് പുതുക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | സി) | ഇല്ല. പ്രസിദ്ധീകരിച്ച ലിസ്റ്റിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും SECC - എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിക്കുവാൻ ഉത്തരവായെങ്കിലും തൽക്കാലം ടി തീരുമാനം നടപ്പിലാക്കേണ്ട എന്നും ആവശ്യമെങ്കിൽ SECC (സാമൂഹിക സാമ്പത്തിക ജാതി സെൻസസ്)നു ശേഷം അവ പുന:പരിശോധിക്കാമെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ഡി) | തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് പോത്തൻകോട് ബ്ലോക്കുകളിലെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ഡി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ